പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2037 — 08.03.2018- ൽ മറുപടിക്ക്

## പ്രതിസന്ധിയിലായ ചെറുകിട - ഇടത്തരം വ്യവസായ യൂണിറ്റുകൾ

ചോദ്യം — ഉത്തരം

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലനിൽപ്പതന്നെ പ്രതിസന്ധിയിലായ എത്ര ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ കേരളത്തിൽ ഉണ്ട് എന്നത് സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. ജിയോ ടാഗിംഗ് മുഖേന അത്തരം 602 യൂണിറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ബി) | ഇത്തരം യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, വ്യവസായ വികസന ഓഫീസർമാർ, ധനകാര്യ സ്ഥാപനങ്ങളിലെ അംഗങ്ങൾ, വാണിജ്യ സ്ഥാപനങ്ങളിലെ (ധനകാര്യം, സാങ്കേതികം, വാണിജ്യം) വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തിയുള്ള ഒരു വിദഗ്ധ സമിതിയുടെ നിരീക്ഷണത്തിൽ നിർദ്ദിഷ്ട മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തകർച്ച നേരിടുന്ന എം.എസ്.എം.ഇ -കളെ കണ്ടെത്തുകയും, ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും 'വ്യവസായ മിത്ര'യെന്ന പേരിൽ എം.എസ്.എം.ഇ. വികസന കമ്മിറ്റി രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.<br>വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച ഇത്തരത്തിൽ കണ്ടെത്തിയ വ്യവസായ സംരംഭങ്ങൾക്ക് ധനസഹായവും വായ്പയും നൽകുന്നത് കേരള എം.എസ്.എം.ഇ. പുനരുജ്ജീവന ട്രസ്റ്റ് ഫണ്ടാണ്. ഈ ട്രസ്റ്റ് ഫണ്ടിൽ 10 കോടി രൂപ കോർപ്പസ് ഫണ്ടും ബാക്കി ഭാഗം കോ-ഓപ്പറേറ്റീവ് ബാങ്കുകൾ (അർബൻ, ജില്ലാ സഹകരണ ബാങ്ക് , പ്രാഥമിക സഹകരണ ബാങ്ക്) എന്നീ സ്ഥാപനങ്ങൾ ഉൾപ്പെട്ട കൺസോർഷ്യവും വഹിക്കുന്നു.<br>2018-19 ബഡ്ജറ്റിൽ ഈ പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്തിന്റെ സമാനവിഹിതമായ 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ